പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 508 — 29.06.2011 - ൽ മറുപടിയ്ക്ക്

**സർക്കാർ പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ സ്ഥിതി വിവരകണക്കുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ.അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലും അംഗീകാരത്തോടെയും എത്ര പാരാമെഡിക്കൽ സ്ഥാപനങ്ങളും പാരാമെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതൊക്കെയാണെന്നും ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു |
| (ബി) | സംസ്ഥാനത്ത് അംഗീകാരമില്ലാത്ത നിരവധി പാരാമെഡിക്കൽ സ്ഥാപനങ്ങളും പാരാമെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) (സി) (ഡി) & (ഇ) | അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച വ്യക്തമായ പരാതികൾ സർക്കാരിന് ലഭിച്ചിട്ടില്ല. എന്നിരുന്നാലും അത്തരം സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | എങ്കിൽ ഇത് നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനും എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; | | |
| (ഡി) | ഏതെല്ലാം നിലയിലുള്ള സംവിധാനങ്ങളാണ് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | | |
| (ഇ) | സംവിധാനങ്ങൾ ഇല്ലെങ്കിൽ നിയമാനുസൃതമായ നടപടി കൈക്കൊള്ളാൻ തയ്യാറാകുമോ ? | | |

സെക്ഷൻ ഓഫീസർ